


**ഡിജിറ്റൽ മാഗസിൻ, 2018-19**

ലിറ്റിൽ കൈറ്റ്സ്, ജി എച്ച് എസ് കടിക്കാട്

**ഈ ചിറകുകളിലേറി സാങ്കേതികവിദ്യയുടെ പുത്തൻ ചക്രവാളം ലക്ഷ്യമാക്കി തുടങ്ങിയ പ്രയാണം ഡിജിറ്റൽ മാസികയുടെ വഴിയിലൂടെ മുന്നേറുകയാണ്. ഞങ്ങൾക്ക് ഇനിയുമേറെ സഞ്ചരിക്കുവാനുണ്ട്. പുതിയ അറിവുകളുടെ മഹാകാശത്ത് പറക്കാൻ ശ്രമിക്കുന്ന ചെറിയ ' ഈ ചിറകുകൾ ' അമ്മയെന്ന നന്മയ്ക്കു മുമ്പിൽ സമർപ്പിക്കുന്നു.**

**പത്രാധിപസമിതി**



# സന്ദേശം

വിദ്യാലയമുറ്റത്തുനിന്നും  പറന്നുയരുന്ന പട്ടങ്ങളായ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ തയ്യാറാക്കുന്ന ഡിജിറ്റൽ മാസിക ഏറെ ശ്രദ്ധേയമാകുമെന്ന്  പ്രതീക്ഷിക്കുന്നു. ഈ ചിറകുകൾ എന്ന നാമധേയത്തിൽ പുറത്തിറങ്ങുന്ന മാസികയ്ക്കും അതിനുവേണ്ടി അനവരതം പ്രവർത്തിക്കുന്നവർക്കും വിജയാശംസകൾ നേരുന്നു.

പ്രധാനാദ്ധ്യാപിക
ഗവൺമെന്റ് ഹയർ സെക്കന്ററി സ്ക്കൂൾ കടിക്കാട്
പുന്നയൂർക്കുളം



# Message

It is very happy to know that the 'Little Kites' of our school is launching a digital magazine under the name , "e- chirakukal". My best wishes and good appreciation for their attempt. I once again congratulate the whole team of G .H. S. S. Kadikkad for the work.

Principal
G .H. S. S. Kadikkad
Punnayurkulam

## ഈ ചിറകുകളിൽ....


വിദ്യാലയ ചരിത്രം.............................6
എന്റെ അമ്മ................................................10
കേരളം..............................................11
പ്രളയം....................................................12
പുഴ അതിന്റെ വഴികൾ.......................................13
തിരിച്ചെടുക്കുമ്പോൾ.........................................13
താറാവ്.............................................15
അമ്മ.......................................................16
മിന്നും താരം........................................17
Missing memories.................................18
പ്രതിഷേധം........................................19
പുലരിയും പൂക്കളും.............................................20
മോചനം.......................................................21
അനാഥർ......................................................22
പൂമ്പാറ്റ................................................23
തത്തമ്മ.......................................................23
ഓർമ്മകൾ.......................................................24
പ്രതീക്ഷ.............................................24
കുഞ്ഞിക്കിളി...................................................25
ചന്ദ്രൻ................................................25
കണ്ണീർ തോരാത്ത കാലം...............................26
എന്റെ ഓണം...................................................28
പ്രകൃതിസൗന്ദര്യം.................................29
പെയ്യൊഴിയാതെ...........................................29
ശീർഷകം വേണ്ടാത്ത കവിത..............................30
പുതുവത്സര ഗീതം................................31
Shadow.............................................32
നാലിതൾ പൂവ്.................................................33
നവകേരളം നിർമ്മാണം....................................35
എന്റെ ഭാവനയിൽ............................................35
Faded happiness in my life......................42
മരുഭൂമിയിലെ ജലപാതം...............................43
നോട്ടുബുക്കിലെ ലണ്ടൻ....................................44
കാശ്മീരിന്റെ ഹൃദയത്തിൽ തൊട്ട്..........45
കേരളം: ചില വസ്തുതകൾ...................................47

# ഗവ.ഹയർസെക്കണ്ടറി സ്ക്കൂൾ കടിക്കാട്

## വിദ്യാലയ ചരിത്രം

തൃശ്ശൂർ ജില്ലയുടെ വടക്ക് പടിഞ്ഞാറ് മലപ്പുറം ജില്ലയോടും അറബിക്കടലിനോടും തൊട്ടുകിടക്കുന്ന ചാവക്കാട് താലൂക്കിലെ പുന്ന യൂർക്കുളം ഗ്രാമപഞ്ചായത്തിൽ കടിക്കാട് വാർഡിൽ സ്ഥിതി ചെയ്യുന്ന ഏക ഹയർസെക്കണ്ടറി വിദ്യാലയമാണ് വിദ്യാലയമാണ് കടിക്കാട് ഗവ.ഹയർസെക്കണ്ടറി സ്കൂൾ.
കേവലം ഒരു ഏക്കർ സ്ഥലത്ത് ഓലഷെഡുകളിൽ മാത്രം അദ്ധ്യായനം നടത്തി വന്നിരുന്ന ഈവിദ്യാലയത്തിൽ ഇന്ന് ത്രിതലപഞ്ചായത്തു കൾ വഴിയും SSA ഫണ്ടു ഉപയോഗിച്ചും ജനപ്രതിനിധികളുടെ പ്രാദേ ശിക ഫണ്ടുപയോഗിച്ചും പണികഴിപ്പിച്ച പുതിയ കെട്ടിടങ്ങൾ വന്ന തോടു കൂടി വിദ്യാലയത്തിന്റെ മുഖച്ഛായ തന്നെ മാറ്റി.

ഒന്നു മുതൽ പന്ത്രണ്ടാം ക്ലാസ് വരെയുള്ള ഈ വിദ്യാലയത്തിൽ എൽ.പി.വിഭാഗത്തിൽ നാല് ഡിവിഷനും, യു.പി വിഭാഗത്തിൽ എട്ട് ഡിവിഷനും, ഹൈസ്കൂൾ വിഭാഗത്തിൽ പത്ത് ഡിവിഷനും,ഹയർ സെക്കണ്ടറി വിഭാഗത്തിൽ ബയോളജി സയൻസ്,കൊമേഴ്സ് എന്നീ വിഭാഗങ്ങളിൽ നാലു ഡിവിഷനമാണ് ഉള്ളത്.എൽ.പി വിഭാഗത്തിൽ നാൽപ്പത്തിയൊൻപത് കുട്ടികളും, യു.പി വിഭാഗത്തിൽ 209 കുട്ടികളും, ഹൈസ്കൂൾ വിഭാഗത്തിൽ 362 കുട്ടികളും കൂടി 620 കുട്ടികളാണുള്ളത്.

ഹയർ സെക്കണ്ടറി വിഭാഗത്തിൽ 236 കുട്ടികളും പഠിക്കുന്നു.ഒന്നു മുതൽ 10 വരെയുള്ള വിഭാഗങ്ങളിലായി പ്രധാനദ്ധ്യാപകൻ ഉൾപ്പെടെ 32 അദ്ധ്യാപകരും 3 ഓഫീസ് ജീവനക്കാരും ജോലി ചെയ്യുന്നു. ഹയർസെക്കണ്ടറി പ്രിൻസിപ്പാൾ ഉൾപ്പെടെ12 അധ്യാപകരും ജോലി ചെയ്യുന്നു. 2 ലാബ് അസിസ്റ്റന്റിന്റെ ഒഴിവ് നാളേറെയായി ഒഴിഞ്ഞ് കിടക്കുന്നു.

ഒരു കളിസ്ഥലം ഈ വിദ്യാലയത്തിനില്ല എന്നുതന്നെ പറയാം. എന്നിട്ടും സംസ്ഥാനസ്കൂൾ കായികമേളയിൽ ആൺകുട്ടികളേയും പെൺകുട്ടികളേയും കബഡി മത്സരങ്ങളിൽ നിരവധി തവണ സ്വർണ്ണ മെഡലും വെള്ളി മെഡലും വെങ്കല മെഡലും നേടാൻ കഴിഞ്ഞിട്ടുണ്ട്. നിരവധി വർഷത്തെ പ്രയത്നത്തിന്റെ ഫലമായി ഇപ്പോൾ സ്കൂൾ പറമ്പിനോട് ചേർന്ന് കിടക്കുന്ന 48 സെന്റ് സ്ഥലം സ്കൂളിന് കളിസ്ഥലത്തിനായി ചാവക്കാട് ബ്ലോക്ക് പഞ്ചായത്ത് കമ്മറ്റി വാങ്ങി പുന്നയൂർക്കുളം ഗ്രാമപഞ്ചായത്തിന് കൈമാറിയിട്ടുണ്ട്.

1926 ൽ ഏകാദ്ധ്യാപക വിദ്യാലയമായി എൽ. പി സ്കൂൾ ആരംഭിക്കുകയും,1961 ൽ യു.പി സ്കൂളായും, 1994 ൽ ഹൈസ്കൂളായും ,2004 ൽ ഹയർ സെക്കണ്ടറി സ്കൂളായും ഈ വിദ്യാലയം ഉയർന്നു.കടിക്കാട് ആട്ടൂർ തറവാട്ടിലെ പൗര പ്രമു കനായിരുന്ന ശ്രീ സി.വി ഗോപാലൻ നായരാണ്.1926 ൽ തന്റെ സ്ഥലത്ത് ഈ വിദ്യാലയം തുടങ്ങാൻ സർക്കാറിന് അനുവാദം നൽകിയത്.പിന്നീട് ഈ സ്ഥലത്തിന്റെ ഉടമയായി മാറിയ ശ്രീ വി.സി
ഹരിദാസൻ നായർ ഒരു പെരുക്കിന് 22 രൂപ പ്രകാരം(12 പെരുക്ക് ഒരു സെന്റ്)ഇപ്പോഴുള്ള ഒരു ഏക്കർ ഭൂമി സർക്കാറിന് കൈമാറി എന്നാണ് പഴമക്കാർ പറയുന്നത്.ആട്ടൂർ തറവാട്ടിലെ വിശേഷ


ദിവസങ്ങളിൽ ഈ വിദ്യാലയത്തിലെ കുട്ടികൾക്ക് വിഭവസമൃദ്ധമായ സദ്യ നൽകിയിരുന്നതായും പറയപ്പെടുന്നു. ആദ്യ കാലത്തെ പ്രധാനാദ്ധ്യാപകരായിരുന്ന കുറുപ്പ് മാസ്റ്ററും,നാണപ്പൻ എന്ന നാരായണൻ നായർ മാസ്റ്ററും.ഈ വിദ്യാലയത്തിലെ പൂർവ്വവിദ്യാർത്ഥി കളിൽ രണ്ട് പ്രധാന വ്യക്തികളാണ് പാലക്കാട് ജില്ലാജഡ്ജിയായി സേവനമനുഷ്ഠിച്ചിട്ടുള്ള ശ്രീ കാട്ടാകാമ്പിൽ ശ്രീധരനും, ഒറ്റപ്പാലം എ.പി.പി. യായി സേവനം അനുഷ്ഠിച്ച ശ്രീ.ഉസ്മാനും.

വിദ്യാലയ പരിസരത്തെ ജനങ്ങൾ പൊതുവേ ഇടത്തരക്കാരും കർഷക തൊഴിലാളികളും തെങ്ങുകയറ്റ തൊഴി ലാളികളും, മത്സ്യത്തൊഴിലാളികളുമാണ്.ജന്മിമാരുടെ കുടിയാൻ മാരും,പണിക്കാരും,കർഷകതൊഴിലാളികളുമായിരുന്ന ഈ പ്രദേ ശത്തെ ജനങ്ങൾ. ജന്മിത്ത്വം അവസാനിച്ചതോടെ കൈവശഭൂമിക്ക് സ്ഥിരാവകാശം ലഭിച്ചു.

വിദ്യാഭ്യാസ ചരിത്രത്തെപ്പറ്റി പറയുമ്പോൾ ഭാഷാപരവും മറ്റുമായ രംഗങ്ങളിൽ മേൽജാതിക്കാരായിരുന്ന മുൻപന്തിയിൽ. നാലപ്പാട്ട കാട്ടുംബം ഇതിനൊരുദാഹരണമാണ്. പുന്നയൂർകുളത്തിന്റെ മഹിമ ലോക രാജ്യങ്ങളിൽ അറിയപ്പെട്ടതിന്റെ ഒരു പങ്ക് ഈ തറവാ ട്ടുകാർക്കുള്ളതാണ്. പഴയ അണ്ടത്തോട് ഫർക്കയിലുണ്ടായി രുന്ന ഒരു പ്രദേശമായതിനാൽ പല സർക്കാർ ഓഫീസുകളുംപണ്ടേ ഈ പ്രദേശത്തുണ്ടായിരുന്നു. ഇതിനുദാഹരണമാണ്പനന്തറയിലുള്ള സബ് രജിസ്ട്രാഫീസ്.

അറബിക്കടലിനോട് ചേർന്ന് കിടക്കുന്ന പ്രദേശമായതി നാൽ മത്സ്യബന്ധനം ഒരു പ്രധാന ഉപജീവന മാർഗ്ഗമാണ്.മുസ്ലീം വിഭാഗത്തിൽ പെട്ടവരാണ് കൂടുതലും ഈ ജോലിയിൽ ഏർപ്പെട്ടിരിക്കു ന്നത്.വ്യത്യസ്ത മത വിഭാഗങ്ങൾ പരസ്പരം സ്നേഹത്തോടെ വസിക്കുന്ന

പ്രദേശമായതിനാൽ ഹിന്ദു-മുസ്ലീം-ക്രിസ്ത്യൻ ആരാധനാലയങ്ങൾ ഒരുമയുടെ പ്രതീകമായി നിലകൊള്ളുന്നു. പഴയകാലത്തെ അപേക്ഷിച്ച് ഇന്ന് വിദ്യാലയത്തിലേയ്ക്ക് യാത്രാസൗകര്യങ്ങൾ വളരെയധികം




വർദ്ധിച്ചിട്ടുണ്ട്. കുന്നംകുളം -പൊന്നാനി റൂട്ടിൽ ആൽത്തറ സെന്ററിൽ നിന്നും പടിഞ്ഞാറ് പനന്തറ റോഡിലൂടെ ഒന്നേക്കാൽ കിലോമീറ്റർ സഞ്ചരിച്ചാൽ കടിക്കാട് ശിവക്ഷേത്രത്തിന് സമീപം സ്ഥിതിചെയ്യുന്ന വിദ്യാലയത്തിലെത്താം. പൊന്നാനി-ചാവക്കാട് റൂട്ടിൽ (ടിപ്പുസുൽത്താൻ റോഡ് ) പാപ്പാളി എൽ . പി .സ്കൂൾ സ്റ്റോപ്പിൽ നിന്ന് ഒരു കിലോമീറ്റർ കിഴക്കോട്ട് സഞ്ചരിച്ചാൽ വിദ്യാലയത്തിലെത്താം.

# എന്റെ അമ്മ

അമ്മായാണമ്മയാണെന്റെ ലോകം
സ്നേഹത്താൽ വഴികാട്ടും എന്റെയമ്മ
കുട്ടിക്കുരുന്നുകൾക്കായുള്ള കഥകളാൽ
നന്മതൻ മേന്മ പകർന്നു നൽകും
അമ്മായാണമ്മയാണെന്റെ ലോകം
ആദ്യാദ്ധ്യാപികയാണെന്റെയമ്മ
അറിവിന്റെ റാന്തലാണെന്റെയമ്മ
കനിവിന്റെ പൂക്കളാണെന്റെയമ്മ
ജീവന് തുല്യമായ് സ്നേഹം ചൊരിഞ്ഞിടും
മാലാഖയാണെന്റെയമ്മ



**ഫിദ നഹ്റിൻ കെ . വൈ .**
**8 ബി**

# കേരളം



എന്തൊരു സുന്ദരം , എന്തൊരു സുന്ദരം
നമ്മുടെ സ്വന്തം കേരളം
പുഴയും തോടും വയലും കടലും
കിണറും കുളവും ആറുകളും
മാവും പ്ലാവും നീളൻ കവുങ്ങും
നല്ലൊരു തെങ്ങിൻ തോപ്പുകളും
എന്തൊരു സുന്ദരം , എന്തൊരു സുന്ദരം
നമ്മുടെ സ്വന്തം കേരളം

ഷിഹാബ് കെ . എസ് .
5 എ

# പ്രളയം

എത്ര മനോഹരമാണീ
പച്ചയണിഞ്ഞ ഭൂമിയെ കാണുവാൻ
എത്ര സുന്ദരം നിൻ
ഹൃദയത്തിൽ ജീവിക്കുവാൻ
എത്ര കണ്ടാലും മതിവരാ നിൻ മുഖം
വികൃതമായതു കണ്ടു കരഞ്ഞു ഞാൻ ....



ശ്യാംലാൽ പി . ജി .



9 എ

# പുഴ അതിന്റെ വഴികൾ

# തിരിച്ചെടുക്കുമ്പോൾ



**ലേഖനം**

**മനീഷ.ഇ.എസ്**
**8.A**

പ്രളയം കാരണം നമ്മുടെ നാട്ടിൽ ഇടിഞ്ഞുപ്പോയ മതിലുകളും
വീടുകളും പുനരുദ്ധാനം ചെയ്യാൻ നമ്മുക്ക് കടമയുണ്ട്.ആ കടമ
ഈ പ്രളയത്തിൽ കാര്യമായി ചെയ്യ്തത് കടലിന്റെ മക്കളായ
മത്സ്യതൊഴിലാളികളാണ്.അതിനാൽ അവരോട് നാം നന്ദി പ
റയണം.ഓഖി എന്ന ഒരു ചുഴിലിക്കാറ്റ് തരണം ചെയ്യത ആ
മത്സ്യതൊഴലാളികൾ അവരുടെ ജീവൻ പണയപ്പെടുത്തിയാണ്
നമ്മളെ മഹാപ്രളയത്തിൽ നിന്ന് രക്ഷിച്ചത്.വീടുകൾ ഇങ്ങനെ
ഓരോ സുനാമിയിലും പ്രളയത്തിലും ഭൂകമ്പത്തിലും തകർന്നു പോ
കാതിരിക്കുന്നതിന് ആൻഡമാനിലെ വീടുകൾ ഒരു മാതൃകയാണ്.
കാരണം അവരുടെ വീടുകൾ കോൺക്രീറ്റ് ചെയ്യതല്ല മിക്കവീ
ടുകളും ഷീറ്റിട്ടതാണ്.അതിനാൽ നമ്മളും അവരെ മാതൃകയാക്കണം
കോൺക്രീറ്റ് വീട് തകർന്നാൽ അത് പിന്നീട് പണിഉയർത്താൻ
ചെലവ് കൂടുതലാണ്.പ്രളയം ബാധിച്ച നമ്മുടെ കേരളത്തിലും സാ
മ്പത്തിക ബുദ്ധിമുട്ടുണ്ട്.ഷീറ്റിട്ട വീടുകളും തടികൊണ്ടുള്ള വീടുകളും പന
മ്പ് കൊണ്ട് ഉണ്ടാക്കിയ വീടുകളും ആൻഡമാനിൽ കാണാവുന്നതാ
ണ്.ഇത്തരം വീടുകൾ എന്തുകൊണ്ടും കേരളത്തിലും ഉണ്ടാക്കാം.ഈ
മാതൃക കേരളത്തിൽ പ്രധാനമായും വയനാട്,ഇടുക്കി പ്രദേശങ്ങളിലാ
ണ് വേണ്ടത്.കൂടാതെ താഴ്ന്ന പ്രദേശങ്ങളിൽ അഥവ പാടം,കുളം,പുഴ
എന്നിവ നികത്തി വീടുണ്ടാക്കാതിരിക്കുക. അത് നമ്മുക്കും പ്രകൃതിക്കും
ദോഷകരമാണ്. പാടം നികത്തി അവിടെ വീട് വെച്ചാൽ കൃഷിയിട
ങ്ങൾ ഇല്ലാതാവുകയും മഴപെയ്യ്താൽ ഇങ്ങനെ പ്രളയം നാശന
ഷ്ടങ്ങൾ വരുത്തി വെയ്ക്കുകയും ചെയ്യും.കുളങ്ങൾ ഉൗർത്ത് അവിടെ
വീടുവെച്ചാലും ഈ പ്രതിസന്ധിതന്നെ നമ്മുക്കു കാണാൻ കഴിയും.
പുഴ ഒഴുകിയിരുന്നിടത്ത് വീട് വെച്ചാൽ മഴപെയ്യ്താൽ പുഴ മുമ്പ
ഴുകിയിരുന്നിടത്തുകൂടി ഒഴുകുമ്പോൾ നമ്മുടെ വീടിന് നാശനഷ്ടങ്ങൾ
സംഭവിക്കും.പ്രകൃതിയോട് മനുഷ്യൻ ചെയ്യുന്ന ക്രൂരതകൾക്ക് പ്രകൃതി

നൽകുന്ന പ്രതികാരങ്ങളാണ് പ്രകൃതി ദുരന്തങ്ങൾ.പ്രകൃതിയോട് ഇ




ണങ്ങി ജീവിച്ചാൽ പ്രളയത്തിൽ നിന്നു മറ്റു പ്രകൃതി ദുരന്തങ്ങളിൽ നിന്നും നമ്മുക്ക് രക്ഷപ്പെടാൻ കഴിയും. പ്രളയത്തിൽ നമ്മുക്ക് വീടുകൾ മാത്രമല്ല നഷ്ടപ്പെട്ടത്;റോഡുകൾ മതിലുകൾ എന്നിവയും നഷ്ടപ്പെട്ടു.ഈ പ്രളയം കഴിഞ്ഞതിനുശേഷം രോഗങ്ങൾ പരക്കാൻ തുടങ്ങി.അതിന് കാരണം മനുഷ്യന്റെ ദുർപ്രവൃത്തികൾ തന്നെയാണ്.

പ്രകൃതിയെ നാം മാതാവായി കാണണം.നാം ഇപ്പോൾ പ്രകൃതിയെ ചൂഷണം ചെയ്തുകൊണ്ടിരിക്കുകയാണ്.1956 നവംബർ 1 നാണ് ഭാഷയുടെ അടിസ്ഥാനത്തിൽ കേരളം രൂപം കൊണ്ടത്.ഇന്ന് നാം കേരളപ്പിറവിയായി ആഘോഷിക്കുന്നു.ഇന്നേയ്ക്ക് കേരളത്തിന് 62 വയസ്സ് തികയുന്നു.ഈ 62 വയസ്സിനിടയ്ക്ക് കേരളത്തിൽ എന്റെ അറിവിൽ രണ്ടാമത്തെ പ്രളയമാണ്,ഇപ്പോൾ ഈ ആഗസ്റ്റ് മാസത്തിൽ കഴിഞ്ഞത്.ഈ രണ്ട് പ്രളയവും പ്രകൃതിയോട് മനുഷ്യൻ ചെയ്ത ക്രൂരതകളുടെ പ്രതികാരമാണോ എന്നെനിക്ക് സംശയമുണ്ട്. പ്രകൃതിയെ നാം സ്നേഹിക്കുക.പ്രകൃതിയെ ഉപദ്രവിക്കാതിരിക്കുക.

●

# താറാവ്




കുഞ്ഞിത്താറാവേ  കുഞ്ഞിത്താറാവേ
മഞ്ഞ നിറമുള്ള  കുഞ്ഞിത്താറാവേ
നീന്തിക്കളിക്കും താറാവേ
മഞ്ഞ നിറമുള്ള  താറാവേ



ഫർസാൻ
നാലാം ക്ലാസ്സ്

## അമ്മ

പാലാണമ്മ പാൽ
നിലാവാണമ്മ
പൂവാണമ്മ പൂവിതൾപോലമ്മ
സ്നേഹത്തിൻ വെളിച്ചത്താൽ
എന്നിലെ



ഇരുട്ടിനെ മായ്ക്കുന്ന എന്നമ്മ .
എനിക്കെന്നും പ്രിയമാണെന്നമ്മ
എന്റെ സന്മാർഗ്ഗവഴിയാണെന്നമ്മ
അമ്മ എനിക്കൊരു ജന്മം തന്ന
ജീവിതത്തിൽ  വിളക്കായിനിന്ന അമ്മ .
സ്നേഹത്തിൻ പൂമൊട്ടിൽ
നിന്നും വിരിഞ്ഞൊരു
പൂനിലാവാകുന്നയെന്റെയമ്മ
ആദ്യാക്ഷരമെന്നിൽ നന്നായുറപ്പിച്ച
ആദ്യഗുരുവാകുന്നയെന്റെയമ്മ .

**നെഹറിൻ ഒ . ഐ .**
**7 ബി**

# മിന്നും താരം

മാനത്ത് മിന്നും താരകങ്ങൾ
മുറ്റത്ത് ഇന്നും വിരുന്നുവന്നു
അമ്പിളിമാമന്റെ കാര്യങ്ങളോരോന്ന്
അവരോട് ഞാനുമറിഞ്ഞുവെച്ചു .
അമ്മ മടിയിലിരുന്നിട്ട് ഉണ്ടുള്ള
മാമുവിൻ സ്വാദ് സൂചിപ്പിച്ചു
അമ്പിളിമാമനെ തൊട്ടുതലോടുവാൻ
ആശയെനിക്കുണ്ട് താരകമേ
അവസരമതിനായി ലഭിച്ചീടുകെന്നാകിൽ
ഞാനും വരുന്നുണ്ട് താരകമേ .





സൂരജ് സി . എസ്
9 എ



## Missing memories

Day by day my life is
Changing.
In life some memories
are lovable but
too missing also
My grandma is the
one whoom I miss
the most
my grandma spend with
me for a short time
I hear and study many
things from my
lovable grandma but the
fate was another
she waved at me for the
last time and gone forever
Years passed now
but she is still lives in
my memories......

**Sayana A. S.**

# പ്രതിഷേധം



**റെജിഷ എം . ആർ .**
**9 എ**



ആകാശമെന്ന മൈതാനത്തിലെ
മിന്നിത്തിളങ്ങുന്ന താരകവും
മനുജനെ പേറി കറങ്ങുന്ന ഭൂമിയും
സ്വന്തം തന്നല്ലയോ നാം  മരിക്കുവോളം
സ്നേഹിക്കണം ലാളിക്കണം
ദ്രോഹിക്കരുതേ ഈ ഭൂമിയെ
ഭൂമി ഒരവസരം നിശ്ചലമായ്
നിന്നാൽ , ഓർത്തിടാൻ വയ്യെനി -
ക്കാ സമയം ചിന്നിച്ചിതറും
ഭൂമിയിലുള്ള ഒട്ടനവധി വസ്തുക്കളും .

# പുലരിയും പൂക്കളും



പുലരിതൻ മടിത്തട്ടി -
ലവൾ കൺ തുറന്നു
മെല്ലെയെഴുന്നേറ്റ്
റോസുടുപ്പിട്ടു വന്നു .
മഞ്ഞിൻതുള്ളി കവിളിൽ
തൊട്ടപ്പോൾ
ലജ്ജയാൽ
കോരിത്തരിച്ചുനിന്നു .

**റിഫ്ന ഷെറിൻ, 8A**

# മോചനം

ആഴത്തിലാണെന്റെ വേദനകൾ,കവി-
ഞ്ഞൊഴുകുന്നൊരു കണ്ണീർപ്പുഴയും
ആരുമറിയാതെയുമറിയിക്കാതെയും
ഒരു കുഞ്ഞുമനസ്സൊന്നു പിടഞ്ഞിടുന്നു



വേദനയാണിന്നു,വേദനയും
വിതുമ്പും മനസ്സിന്റെ രോദനവും
ചുടുചോര തുള്ളിയായിറ്റിറ്റു
വീഴുമ്പോൾ
എന്നസ്ഥിയും മാംസവും നീറിടുന്നു
വേദനയുമെന്നാഗ്രഹവുമെരിയുന്നു
എരിയുന്ന കണ്ണീരുമായ്
അഞ്ജനമിഴികളിൽ ചുടുരക്തമായ്
വേദനയായെന്റെ ഞരമ്പുകളിൽ
ഇടിമുഴക്കം പോലെ
ഞാനെന്റെ വേദന
മരണത്തിനായി വിട്ടെറിഞ്ഞു
മരണത്തിന്നന്ത്യത്തിൽ
സ്നേഹത്തിൻ യാമത്തിൽ
വേദന പൊട്ടിയൊഴുകിടുന്നു
അഗ്നിയിൽ ശവശരീരം പോലെ
കത്തിയെരിയുന്നു ഞാനെന്റെ വേദന
എന്റെ വേദന
കത്തിയെരിയുന്നിതാ

നന്ദന

പ്ലസ് വൺ

**കഥ**



# അനാഥർ

അന്ന് രാത്രി അവർ ഉറങ്ങിയില്ല.നിലാവ് പെയ്യുന്ന രാത്രിയിൽ ആ രണ്ടു പിഞ്ചു മക്കൾ അമ്മയുടെ മടിത്തട്ടിൽ ചാഞ്ഞ് കിടക്കുകയാണ്, മനം നിറയുന്ന വേദനയുമായി.ഒടുങ്ങാത്ത പ്രതീക്ഷകളാണവരുടെ മനസ്സിൽ.അച്ഛൻ ഇങ്ങനെ കുടിച്ച് കുടിച്ച് എന്താകുമെന്നാർക്കറിയാം.അമ്മയാണെങ്കിൽ വിഷമിച്ച് ഒരു അനക്കവുമില്ലാതെ ഇരിക്കുന്നു.പുലരുന്നതുവരെ അവർ ആലോചനയിൽ മുഴുകി. നേരം പുലർന്നപ്പോൾ അവർ അമ്മയുടെ മടിത്തട്ടിൽനിന്നും എഴുന്നേറ്റു. അമ്മയെ വിളിച്ചു.അമ്മ എഴുന്നേൽക്കുന്നില്ല. "അമ്മേ..."ദീനമായി അവർ വിളിച്ചു. ആരുകേൾക്കാൻ; ആരും കേട്ടില്ല. നിശ്ശബ്ദം അവർ തേങ്ങിക്കരഞ്ഞു.

ഇന്നു മുതൽ ആ കുരുന്നുകൾക്ക് ആരുമില്ല...

അവർ അനാഥരാണ്.

**മുഹമ്മദ് ഷിഫാസ് .വി.എം**

**9.C**



## പൂമ്പാറ്റ

കുഞ്ഞിൻ പൂവിൻ കവിളത്ത്
മുത്തം നൽകി പൂമ്പാറ്റ
മഞ്ഞ നിറമുള്ള പൂമ്പാറ്റ
പുള്ളിയുടുപ്പിട്ട പൂമ്പാറ്റ

## തത്തമ്മ




തത്തമ്മേ തത്തമ്മേ
കുഞ്ഞിത്തത്തമ്മേ
നിന്റെ അമ്മ എവിടെപ്പോയ്
പാലും പഴവും തന്നീടാം
ഗ്രാമത്തിലേയ്ക്കു പോരുന്നോ ?
എന്റെ അമ്മ വന്നാലോ
എന്നെ തിരഞ്ഞു നടക്കില്ലേ ?
എന്നെ ഇവിടെ കാണാഞ്ഞാൽ
എന്റെ അമ്മ വിഷമിക്കും
അതിനാൽ ഞാൻ വരുന്നില്ല .



**റിയ നസ്രീൻ**
**മൂന്നാം ക്ലാസ്സ്**

# ഓർമ്മകൾ




നിറകണ്ണുമായ് ഞാനിന്നുമോർത്തിടുന്നു
കേരളനാടിന്റെയാ ദുരന്തം .
മനംനൊന്തു കരയുന്ന ഭൂമി മാതാവിനെ
കൺചിമ്മി നിന്നിട്ടു ദ്രോഹിച്ചു നാം
അന്നു നാം കണ്ടില്ല കേട്ടില്ല ഭൂമിതൻ
വിങ്ങും മനസ്സിലെ നൊമ്പരത്തെ .
ഇന്നു നാം കണ്ടു അമ്മയാം ഭുവിന്റെ
നെഞ്ചു കീറിയുള്ള രൗദ്ര ഭാവം
അമ്മതൻ ചുടുകണ്ണീർ
മഴയായി പെയ്തപ്പോൾ ഓർത്തു നാം
മാതൃ ദുഖത്തിനെ
മതഭ്രാന്തിനെപ്പോലും തള്ളിനീക്കിക്കൊണ്ട്
കൈകോർത്തുനിന്നു നാം ഒറ്റക്കെട്ടായ് .
അന്നു നാം കണ്ടുവാ മാവേലിത്തമ്പ്രാന്റെ
പണ്ടത്തെ കേരള ബന്ധങ്ങളെ
കേരള ബന്ധത്തിൻ ആഴങ്ങളെ......




## പ്രതീക്ഷ

ജീവിച്ചു പോകുന്ന
ഓരോ നിമിഷവും
ഓരോ പ്രതീക്ഷകളാണ് .
മരിച്ചുവെന്നു കരുതുന്ന
ഓരോ സ്വപ്നങ്ങൾക്കും തളിർനാമ്പെടുക്കുന്ന
ആ നിമിഷം.
ആ നിമിഷത്തേയ്ക്കുള്ള
കാത്തിരിപ്പാണ്
ജീവിതത്തിലെ ഏറ്റവും വലിയ പ്രതീക്ഷ

***ദർശന റ്റി. ഡി***
**പ്ലസ് ടു സയൻസ്**

## കുഞ്ഞിക്കിളി

" കുഞ്ഞിക്കിളിയെ പോരുന്നോ
പാർക്കിലോട്ട് പോരുന്നോ "
" അവിടെ പോയാൽ എന്തുണ്ട് "
" കളിക്കാൻ നിറയെ റൈഡുണ്ട് "
" കുഞ്ഞിക്കിളിയെ പോരുന്നോ
ഗ്രാമത്തിലേയ്ക്ക് പോരുന്നോ "
" അവിടെ ചെന്നാൽ എന്തുണ്ട് "
" വയറുനിറയ്ക്കാൻ നെല്ലുണ്ട് "
" കുഞ്ഞിക്കിളിയെ പോരുന്നോ
സ്കൂളിലേയ്ക്ക് പോരുന്നോ "
" അവിടെ ചെന്നാൽ എന്തറിയാം "
" അറിവുകൾ പകരാൻ ആളുണ്ട് "





**ദേവ ചേന്ദ്രാൻ**
**മൂന്നാം ക്ലാസ്സ്**



## ചന്ദ്രൻ

പൗർണമി നാളിൽ തിളങ്ങിനിൽക്കും
പൂർണ ചന്ദ്രാ നിന്നടെ
പുഞ്ചിരി കാണാൻ എന്തു രസം
ആഹാ എന്തുരസം

ആകാശത്ത് നിറഞ്ഞ് നില്ലും
അമ്പിളിമാമാ നിന്നടെ
സൗന്ദര്യം കാണാൻ എന്തു രസം
ആഹാ എന്തുരസം



**വൈഗ കെ . പി .**
**മൂന്നാം ക്ലാസ്സ്**

കഥ



## കണ്ണീർ തോരാത്ത കാലം

പ്രകാശം പകർന്നെത്തുന്ന സൂര്യനെ മറച്ച് കാർമേഘം തണുത്ത കാറ്റോട് കൂടിയ മഴയെ ക്ഷണിച്ചു.ചോർന്നൊലിക്കുന്ന വീട്ടിലിരുന്ന് മീനു പ്രഭാതത്തെ സ്വീകരിച്ചു.അമ്മ അടുക്കളയിൽ തിരക്കിട്ട പണിയിലാണ്.അവൾ ഉമ്മറത്തേക്ക് നടന്നു.അച്ഛൻ സ്ഥിരം കിടന്നിരുന്ന ചാരുകസേരയിൽ കിടന്നു.തന്നേയും അമ്മ-യെയും അനുജത്തിമാരേയും അച്ഛൻ ഒറ്റക്കാക്കി പോയിട്ട് വർഷങ്ങൾ കഴിഞ്ഞു.നല്ല മഴ പെയ്യുന്നുണ്ട്.

ഇന്ന് ഞാൻ എങ്ങനെ സ്കൂളിൽ പോകും...അവധിക്കാലത്തിനു മുമ്പേ തന്നെ ഒരു ബാഗും കുടയും വാങ്ങിത്തരണമെന്ന് അമ്മയോട് പറഞ്ഞു തുടങ്ങിയതാണ്.ഇപ്പോൾ സ്കൂൾ തുടങ്ങിയിട്ട് ദിവസങ്ങൾ കടന്നു പോയി....



ചായയുമായി വന്ന അമ്മയോട് അവൾ പറഞ്ഞു:"എനിക്ക്
ബാഗും കുടയും ഇന്നുതന്നെ വാങ്ങണം..."
"പിന്നെ വാങ്ങാം മോളേ...നീ ചായകുടിക്ക്...”
"എനിക്കു വേണ്ട"അവൾ ശാഠ്യം പിടിച്ചു.
അമ്മ കരഞ്ഞ് കൊണ്ട് മുറിയിലേക്കോടി.അച്ഛൻ പണമിട്ടു
വച്ചിരുന്ന കുടുക്ക കൈയിലെടുത്തു.അച്ഛന്റെ ഓർമ്മകൾ
അവശേഷിക്കുന്ന അത് ഉടയ്ക്കുവാനായി കൈയ്യുളയർത്തി.
അവൾ ഓടി വന്ന് അമ്മയെ തടഞ്ഞു:"അമ്മേ അത്
ഉടക്കരുത്.ഇനി ഞാൻ വാശി പിടിക്കില്ല.ഇന്നലെ ഞങ്ങൾക്ക്
ചോറു തന്ന് അമ്മ പച്ച വെള്ളം മാത്രം കുടിച്ച് കിടക്കുന്നത്
ഞാൻ കണ്ടു.അമ്മ ഇത്ര കഷ്ടപെട്ടാണ് ഞങ്ങളെ
വളർത്തുന്നതെന്ന് ഞാനറിഞ്ഞില്ല...അമ്മേ...”
അമ്മ അവളെ നെഞ്ചോട്ചേർത്ത് പിടിച്ച് പൊട്ടിക്കരഞ്ഞു.

**ജുമൈലത്ത്**

**10 A**

# എന്റെ ഓണം

ചുണ്ടിൽ നിറയും
പുഞ്ചിരിയാണെന്റെ ഓണം
പാട്ടുകൾ പാടി പാറിനടക്കും
കിളികളാണെന്റെ ഓണം
വിദ്യാലയത്തിൽ പാറിനടക്കും
കൂട്ടുകാരാണെന്റെ ഓണം
പലപല നിറങ്ങളിൽ തീർത്ത
പൂക്കളാണെന്റെ ഓണം
സന്തോഷ നിറവിൽ നിറഞ്ഞു നിൽക്കും
ഓർമ്മകളാണെന്റെ ഓണം

**അരുൺ**

**7 A**



# പ്രകൃതിസൗന്ദര്യം

ഭൂമിയിൽനിന്നും ഞാൻ വിടർന്നു .
ദേവി എന്നെ കനിഞ്ഞു
പച്ചപട്ടുപോൽ
ഈ കാടും മരങ്ങളും
കളകളം പാടുന്ന ചോലകളും
ആർദ്രമായ് ചാലിച്ച് മനുഷ്യനും മൃഗങ്ങളും
ആഹാ എന്തു സുന്ദരമാണീ പ്രകൃതി
സ്വർഗ്ഗലോകം ജീവനോടെ കണ്ടു ഞാൻ
സ്വർഗ്ഗത്തിലാണെന്റെ താമസവും
ഭൂമിയിൽനിന്നും ഞാൻ വിടർന്നു .
ദേവി എന്നെ കനിഞ്ഞു



**റിഫ്ന ഷെറിൻ**
**8 എ**

# പെയ്തൊഴിയാതെ

ഷിഫ്ന കെ
പ്ലസ് ടു സയൻസ്

പടിയിറങ്ങീടുന്നു മെല്ലെ മെല്ലെ
പിന്നിൽ അടയുന്ന വാതിലും .
മറക്കാൻ കഴിയാത്ത ഓർമകളിൽ
അടക്കാൻ കഴിയാത്ത സങ്കടമായ്



ദു:ഖത്തിൻ കാർമേഘമുരുണ്ടുകൂടി
പെയ്തീടുവതെപ്പോഴെന്നറിയില്ല
പെയ്തിടും ഭാവത്തിൽ നിന്നിടുന്നു .
കടലോളം സ്നേഹം തൻ കുഞ്ഞുങ്ങൾക്കായ്
കോരിക്കൊടുത്തൊരമ്മ
പടിയിറങ്ങീടുന്നു മെല്ലെ മെല്ലെ
അടയുന്ന വാതിലും പിന്നാലെയായ്

# ശീർഷകം വേണ്ടാത്ത കവിത



അവന് ലഭിച്ചെന്നും പറഞ്ഞ്, നാം
അസൂയപ്പെടാത്തയൊന്ന്.
തെറ്റുകളോരോന്നായ് ചെയ്തുകൂട്ടുമ്പോളും, നാം
നന്മകൾ ചെയ്യുവാൻ മടിച്ചുനിൽക്കുമ്പോളും ,നമ്മെ
ആർക്കുമേ വേണ്ടെന്ന പലരായ് പഴിക്കുമ്പോളും
ഒരുനാൾ നിശ്ച്ചയം, നീ ഓടിയണഞ്ഞിടും....
നിത്യ സത്യമായ് നിത്യവുമിവനുണ്ട്
ജനനനാളിൽത്തന്നെ നമുക്കു കൂട്ടുകാരനായ്,
ഒരു സോദരനായെന്നറിയുക നീ മാനുഷ.

## ഒലിച്ചുപോയ ദുഖം



മഴ പെയ്യുന്ന തോരാമഴ എങ്ങെങ്ങും
ദുഃഖകനല്യപോൽ
സന്തോഷനാളുകൾ മെല്ലെ മെല്ലെ
ദുഃഖത്തിലാഴ്ത്തിയനേരം
പണത്തിനേക്കാൾ അന്നം
വിലയേറിയനാളുകൾ
കേരളം ഒരമ്മച്ചൂടായ്
നെഞ്ചിലായ് ചേർത്തു
സ്നേഹമായ്..കാരുണ്യമായ്
ജീവനിൽ നാമൊന്നായ്
ശ്വാസവും ജീവനും തേടി
നോവിൻ വഴിയിൽ നാമൊന്നായ്

**ഷിബില ഷെറിൻ 10 സി**

# പുതുവത്സര ഗീതം



**ഉണ്ണികൃഷ്ണൻ**
**അദ്ധ്യാപകൻ**

മഞ്ഞിൻ മൂടുപടമണിയും ഹേമന്ത രാത്രി
അണഞ്ഞുവോ പുതുരാഗം പൂമഴയായ്
ചിതറുന്നു നവ ചിന്തകളിൽ .        (മഞ്ഞിൻ ......

അറിവിന്റെ നിർവൃതി കനിവിന്റെ വിസ്മൃതി
കരുണകൾ കാണാതെ കരയും ലോകം
മയങ്ങുന്നു സുഖദമാം പാട്ടിൽ .       (മഞ്ഞിൻ............

ഉഷസ്സിന്റെ സ്വപ്നമായ്  മനസ്സിന്റെ മോഹമായ്
ശ്രുതിലയ മധുരമായ് ഉണരും ഗാനം
ഓർത്തു പാടാം നന്മകൾ ചെയ്യാൻ.  (മഞ്ഞിൻ..........

# Shadow

It is with me as a friend,
It is with me as a shade
following my ways,
following my paths
it has no colours,
it is totally black
i can make it to any shapes
But, when the darkness come,
it will pass away
Whenever I'm bored,
I will play with my blacky friend
it is my shadow......




**Aysha Essa M.T**
**8 D**

# നാലിതൾ പൂവ്


മുഹമ്മദ് ഷിഫാസ്. V. M. ആസ്വാദനം

ഇടശ്ശേരി ഗോവിന്ദൻ നായരുടെ നാലിതൾ പൂവ് എന്ന കവിതയിൽ പനിനീർച്ചെടി നട്ടു വളർത്തിയ കുട്ടന്റെ കഥയാണ് വിവരിക്കുന്നത്. ഇടശ്ശേരി ഈ കവിത പലർക്കും ഒരു മറുപടിയായിക്കൊണ്ടാണ് രചിച്ചത്.



കുട്ടൻ എന്ന കഥാപാത്രം ഏറെസ്നേഹത്തോടെ ഒരു പനിനീർച്ചെടി നട്ടു നനച്ച് വളർത്തി. പൊട്ടിത്തഴച്ച് തളിർത്ത് കമ്പുകൾ വളർന്ന് അത് മൊട്ടിട്ടു. ആ മൊട്ടിനുള്ളിൽ ഒളിഞ്ഞിരിക്കുന്ന മനോഹാരിതയെപ്പറ്റി ആരും അറിഞ്ഞില്ല.ഉച്ചിയിൽ കുടുമയും പാറിച്ചു നിൽക്കുന്ന ആ കൊച്ചന്(പൂമൊട്ടിന്) എന്തെങ്കിലും സാധിക്കുമെന്ന് ആരാണ് ഗണിക്കുക? അസാധാരണമായ എന്തെങ്കിലും സംഭവിച്ചേക്കാമെന്ന തോന്നൽ ഉണ്ടായിരുന്നത് കുട്ടനു മാത്രമാണ്.അവനിൽ എപ്പോഴും ആകാംക്ഷയായിരുന്നു. കാരണം താൻ സംരക്ഷിച്ചു വളർത്തിയ ചെടിയിൽ വിരിയുന്ന ആദ്യത്തെ മൊട്ടാണ്.അതു കൊണ്ടു തന്നെ ആദ്യത്തെ മൊട്ട് വിരിഞ്ഞപ്പോൾ കുട്ടന്റെ മനസ്സിൽ ആയിരം പൂക്കൾ വിരിഞ്ഞ പോലെയും, ഭൂമിയിൽ ആയിരം പൂക്കാലമെത്തിയത് പോലെയുമുള്ള ഒരനുഭവം കുട്ടനിൽ ഉളവായി. മാത്രമല്ല പ്രകൃതിപോലും അവന്റെ സന്തോഷത്തിൽ പങ്കു ചേർന്നതു പോലെ തോന്നി. പകൽ വന്നതറിഞ്ഞിട്ടും അമ്പിളിക്കീറിന് തിരിച്ചു പോകാൻ കഴിയാതെ പൂവിനെ നോക്കി ആകാശത്ത് പറ്റി നിന്നു. ആകാശത്ത് പറന്നിരുന്ന പക്ഷികൾ പൂവിനെ വളരെ ആരവത്തോടെയാണ് വരവേറ്റത്.

കോഞ്ചിക്കുഴഞ്ഞ്കൊണ്ട് തപ്പുകൊട്ടുന്ന നനുത്ത ചിറകുകളുമായി പൂമ്പാറ്റകളുമെത്തി. പനിനീർ പൂവിനെ



നോക്കി നിൽക്കുന്ന കുട്ടനെ കണ്ടാൽ മറ്റൊരു പൂവാണെന്നേ തോന്നൂ.ആദ്യത്തെ പൂവിരിഞ്ഞപ്പോൾ കുട്ടനിലും പ്രകൃതിയിലും ഉത്സാഹം നിറച്ചു.

കുട്ടന്റെ പനിനീർച്ചെടിയിൽ പൂവിരിഞ്ഞപ്പോൾ കാണാനെത്തിയ കൂട്ടുകാർ പലരും അവനെ അഭിനന്ദിക്കാനല്ല പരമാവധി ആക്ഷേപിക്കാനാണ് ശ്രമിച്ചത്.പൂവ് കണ്ടപ്പോൾ നന്ന് എന്ന് ആദ്യം പറഞ്ഞു.പക്ഷേ അവർക്കവനെ ആക്ഷേപി ക്കാതിരിക്കാൻ കഴിഞ്ഞില്ല. ഉടനെ അവർ അടുത്ത ചോദ്യം ഉരവിട്ടു; 'പള്ളിക്കൂടത്തിലെ തോട്ടക്കാരന്റെ കയ്യിൽ നിന്നല്ലേ നീ ഇതിന്റെ കമ്പുവാങ്ങീ'എന്ന്.ആ പൂവിന്റ സൗന്ദര്യത്തിന്റെ അവകാശി പള്ളിക്കൂടത്തിലെ തോട്ടക്കാരനാണ് എന്ന രീതിയി ലാണ് അവർ സംസാരിച്ചത്. കുട്ടൻ പനിനീർചെടിയുടെ കമ്പുവാങ്ങിയത് തോട്ടക്കാരന്റെ കയ്യിൽ നിന്നാണ്.എങ്കിലും മുറ്റത്തു വിടർന്നു നിൽക്കുന്ന സൗന്ദര്യവതിയായ ആ ചെടിയുടെ ഉടമ അയാളാകുമോ? എന്നാലും തന്റെ മുറ്റത്ത് വിടർന്ന് നിൽക്കുന്ന ഈ പൂവിന്റെ നിർമ്മാണ പ്രക്രിയയിൽ മറ്റൊരാളേക്കാളും കഷ്ടപ്പാട് തനിക്കാണെന്നവനറിയാം.

അതിന്റെ തുടുത്ത പൂകവിളിലേക്ക് സൂക്ഷിച്ചു നോക്കി ചിരിച്ചുകൊണ്ട് അഭിപ്രായക്കാർക്കെല്ലാം മറുപടി എന്ന പോലെ അവൻ ഇപ്രകാരം പറഞ്ഞു:"പണ്ട് ഏതോ കാട്ടിലേ കാട്ടാളൻ നട്ടു വളർത്തിയ ചെടിയിൽ നിന്നാണ് ഇന്ന് എല്ലായിടത്തും ഈ ചെടി എത്തിയത്." താൻ നട്ട പനിനീർ ചെടി തന്റേതാണെന്നും തോട്ടക്കാരന്റേതല്ലെന്നും ധൈര്യപൂർവ്വം അഭിപ്രായക്കാർക്ക് അവൻ മറുപടി നൽകി. നാലിതൾ പൂവ് എന്ന ഈ കവിതയിൽ കുട്ടനെയും മറുവശത്ത് കവിയെയുമാണ് സൂചിപ്പിക്കുന്നത്.ആദ്യ കവിയായ വാത്മീകിയെയും ആദ്യ കാവ്യമായരാമായണ ത്തെയും കവി ഇവിടെ സൂചിപ്പിക്കുന്നു.

## നവകേരളം നിർമ്മാണം

## എന്റെ ഭാവനയിൽ

***പ്രളയ ദുരന്തം മാറ്റിമറിച്ച കേരളീയ ജീവിതത്തിന്റെ പശ്ചാതലത്തിൽ അതിജീവനമാർഗ്ഗങ്ങളെക്കുറിച്ച് വിദ്യാർത്ഥികൾ അവരുടെ ഭാവന പങ്കുവയ്ക്കുന്നു***

### ഒരുമ തന്നെ പെരുമ

**ജസ്ന ഹുസൈൻ, 10D**

1956 നവംബർ 1 ന് ഭാഷയുടെ അടിസ്ഥാനത്തിൽ കേരളം രൂപം കൊണ്ടു.ദൈവത്തിന്റെ സ്വന്തം നാട് എന്നാണ് കേരളത്തേ വിശേഷിപ്പിക്കുന്നത്. കണ്ണിനു കുളിർമയും മനസ്സിനു സതൃപ്തിയും നൽകുന്ന ഒരുപാട് സ്ഥലങ്ങൾ കേരളത്തിന്റെ മാത്രം അലങ്കാരമാണ്. മാത്രമല്ല നാനാജാതിമതസ്ഥർ ഒത്തൊരുമയോടെ ജീവിക്കുന്ന കേരളം ഈ ഒരുമ ലോകമെമ്പാടും ഉയർത്തിക്കാണിച്ച ഒരു സംഭവമാണ് 2018 ഓഗസ്റ്റ് 14 നമ്മുടെ കേരളീയരെ കണ്ണീരിലാഴ്ത്തിയ പ്രളയം എന്ന ദുരന്തം.

ഈ ദുരന്തം കേരളമൊട്ടാകെ ബാധിച്ചു.പ്രളയം എന്ന ദുരന്തം നൂറ്റാണ്ടുകൾക്ക് മുൻബാണ് ഉണ്ടയത്.എന്നാൽ അതിനേക്കാൾ ഭയാനകമാണ് ഈ പ്രളയം ഉണ്ടായത്.ഈ അവസരത്തിൽ ജാതിഭേതമന്യേ എല്ലാവരും ക്യാംബുകളിലും ആരാധനാലയങ്ങളിലും കഴിച്ചു കൂട്ടി.ഈ ഒരുമ തന്നെയാണ് കേരളത്തിലുണ്ടായ പ്രളയത്തെ നേരിട്ടത്. മത്സ്യത്തൊഴിലാളികൾ ഒരുപാടുപേരുടെ ജീവൻ രക്ഷിച്ചു.പണക്കാരനെന്നോ പാവപ്പെട്ടവനെന്നോ തരം തിരിവില്ലാതെ ഒരുമിച്ചു കഴിയും എന്ന് തെളിയിച്ചു.പ്രളയം

ഏറ്റവുമധികം ബാധിച്ചത് ഗതാഗതസൗകര്യത്തെയാണ്. റോഡുകളെല്ലാം വളരെ മോശമായ രീതിയിലായിരുന്നു.ഒരുപാട് പേർക്ക് അവരുടെ വീടുകളും സാധനങ്ങളും നഷ്ടപ്പെട്ടു.അതിലുപരി ജീവൻ നഷ്ടമായവരും ഉണ്ടയിരുന്നു.പ്രളയത്തിൽ തകർന്നടിഞ്ഞ കേരളത്തെ തിരിച്ചുപിടിക്കലാണ് ഇനി നമ്മുടെ ലക്ഷ്യം.അതിനു വേണ്ടത് കേരളീയരുടെ ഒത്തൊരുമയാണ്.ഒരുമ നമ്മുടെ കേരളത്തിനുണ്ടെന്ന് പ്രളയത്തിലീടെ നമുക്ക് തെളിയിക്കാൻ സാധിച്ചു.വീടുകൾ പണിയുന്നതിലുമെല്ലാം ആർഭാടം ഒഴിവാക്കി മറ്റുള്ളവരെ സഹായിക്കുക.വീടിന്റെ മുറ്റമെല്ലാം ഇന്റർലോക്ക് ചെ-യ്തതു കൊണ്ടാണ് പല സ്ഥലങ്ങളിലും മഴവെള്ളം ഭൂമിയിലേക്കിറങ്ങാതെ കെട്ടിനിൽക്കുന്നത്.ഇങ്ങനെ ഒരവസ്ഥ ഇനി ഉണ്ടാവരുത്.ഇങ്ങനെയൊരു ദുരന്തം ഇനി വരാതിരിക്കാൻ പ്രാർത്ഥിക്കാം.



## പ്രകൃതിയുമായി സൗഹൃദത്തിലാകുക

**സാന്ദ്ര കെ. എം, 10 A**

കേരളം നേരിടേണ്ടിവന്ന പല ദുരന്തങ്ങളിലും പല ആളുകൾ അതിന്റെ ബുദ്ധിമുട്ടുകൾ അനുഭവിക്കേണ്ടിവന്നു.അതിൽ 2018 ൽ നടന്ന ഒരു പ്രകൃതിപ്രക്ഷോഭമാണ് പ്രളയം.പ്രളയം എന്നത് പല

ആളുകളെയും ഭയാനകമാക്കി.കുറേ വീടുകളും,ഫാക്ടറികളും എല്ലാം തകർന്നുപോയി.അതിനായി സർക്കാർ പല സംരക്ഷണപദ്ധതികൾ നടപ്പിലാക്കി.പ്രളയം ജാതി-വർഗഭേദം ഇല്ലാതാക്കി.മനുഷ്യരെ ഒത്തൊരുമയോടെ ആക്കി.പ്രളയം വന്നത് മനുഷ്യരുടെ പ്രകൃതിയോടുള്ള അതിതീവ്രമായ ദേഷ്യമാണ്,പണത്തിനോടുള്ള അത്യഗ്രഹമാണ്.ഈ അത്യാഗ്രഹമാണ് മനുഷ്യനെ ഏറ്റവും കൂടുതൽ പണം ചിലവഴിപ്പിച്ചത്.

എന്റെ ഭാവനയിലുള്ള കേരളം നല്ല രസകരമാണ്. എന്റെ ആഗ്രഹം ഞാൻ പ്രകൃതിയോടിണങ്ങി ജീവിക്കും എന്നാണ്.1924 നു ശേഷം പിന്നെ വരുന്നത് 2018 എന്ന വർഷത്തിലാണ്.നമുക്ക് അനുഭവങ്ങൾ പകർന്നു തരുന്ന ഒരു പാഠശാലയാണ് പ്രകൃതി.കേരളം ഇപ്പോൾ വരണ്ടുണങ്ങുകയാണ്. നമുക്ക് ഇനി വരണ്ടുണങ്ങിപ്പോയ കേരളത്തെ എങ്ങനെ പുനർനിർമ്മിക്കാം എന്ന് നമ്മൾ തീരുമാനിക്കണം.നമ്മുടെ കേരളത്തെ നല്ല പച്ചപ്പുള്ള ദൈവത്തിന്റെ സ്വന്തം നാടായി തിരികെകൊണ്ടുവരണം.അതാണ് ഇനിയുള്ള നമ്മൾ ജീവിക്കുന്നതിന്റെ ലക്ഷ്യം.

നമ്മൾ പ്രളയത്തിലായിരുന്നപ്പോൾ നമ്മളെ രക്ഷിച്ചത് കൂടുതലും മത്സ്യത്തൊഴിലാളികളാണ്.എന്നാൽ അവർ ഓഖി ചുഴലിക്കാറ്റ് വന്നപ്പോൾ അവരെ നമ്മൾ രക്ഷിച്ചില്ല.കാരണം അവർക്ക് അപ്പോൾ രക്ഷിക്കാനുള്ള മനസ്സ് ഉണ്ടായിരുന്നില്ല.പിന്നെ പ്രളയശേഷം പല തരത്തിലുള്ള ബുദ്ധിമുട്ടുകൾ ആളുകൾ അനുഭവിച്ചു.
കുടിവെള്ളം, ഗതാഗത രംഗത്തെ പ്രശ്നം എന്നീ രണ്ടു കാര്യങ്ങൾക്കാണ് കൂടുതൽ ബുദ്ധിമുട്ടുകൾ ഉണ്ടായത്.
കുടിവെള്ളത്തിന്ന് ബുദ്ധിമുട്ട് വന്നു.പ്രളയ ശേഷം ധാരാളം മലിനമായ ജലമാണ് നമ്മുടെ വീടുകളിലൊക്കെ കിട്ടിയത്.എന്നാൽ അത് ശുദ്ധീകരിച്ചും പല ആളുകൾ വണ്ടികളിലാക്കി പല വീടുകളിലേക്കും എത്തിച്ചു.പിന്നെ ഗതാഗത രംഗത്തുമുണ്ടായി, റെയിൽവെയും. അവിടെയൊക്കെ പല ബുദ്ധിമുട്ടുകളും ഉണ്ടായി.പെട്രോൾ നഷ്ടമുണ്ടായി.അങ്ങനെ ആമ്പുലൻസുകൾക്കു അതിന്റെ പെട്രോൾ

നൽകിയിരുന്നുള്ളൂ.വീടുകളിൽ വെള്ളം കയറിയ ആളുകൾ രക്ഷപ്പെടാൻ നന്നായി ബുദ്ധിമുട്ടുകൾ അനുഭവിച്ചു.

ഇനി നമുക്ക് ഇതെല്ലാം ഇല്ലാതാക്കാൻ പ്ലാസ്റ്റിക്കുകൾ ഉപയോഗിക്കാതിരിക്കുക,മരങ്ങൾ വെച്ചു പിടിപ്പിക്കുക,ലഹരി വസ്തുക്കൾ ഉപയോഗിക്കാതിരിക്കുക, കുന്നുകളും മലകളും ഇടിക്കാതിരിക്കുക, വിദ്യാലയങ്ങൾ സ്ഥാപിക്കുക, ജാതി-ഭേത വർഗ ഭേദമില്ലാതെ ഒത്തൊരുമയോടെ ജീവിക്കുക.പുഴകളിൽ നിന്നോ കടലുകളിൽ നിന്നോ മണൽ വാരാതിരിക്കുക.കേരളത്തിലും മറ്റു സംസ്ഥാനങ്ങളിലും ഇനി ഇങ്ങനെയൊന്നും ഇല്ലാതിരിക്കട്ടെ......

## സുനാമി, ഓഖി, പ്രളയം

**ഫിദ ഹസ്സിൻ, 9.B**

മനുഷ്യന്റെ ദുഷ്യപ്രവർത്തനങ്ങൾ കൊണ്ടാണ് പ്രളയം പോലുള്ള ദുരന്തങ്ങൾ ഉണ്ടാകുന്നത്.2018-ൽ കേരളം നേരിട്ട മഹാദുരന്തമാണ് പ്രളയം.പ്രകൃതിയോട് മനുഷ്യൻ ചെയ്യുന്ന ക്രൂരമായ പ്രവർത്തനങ്ങൾ കൊണ്ട് പ്രകൃതി നിരന്തരം നശിച്ചു കൊണ്ടിരിക്കുകയാണ്. എന്നാൽ ഈ പ്രളയം മനുഷ്യനോട് തന്നേ ചൂഷണം ചെയ്യുന്നത് നേരിട്ട് ചോദിക്കുകയണ്. ഈ മഹാപ്രളയം എല്ലാവർക്കും ഒരു പാഠമായി തീർന്നു.നൂറ്റാണ്ടുകൾക്കു ശേഷമുള്ള ഈ മഹാപ്രളയം മനുഷ്യന്റെ ദുഷ്യപ്രവർത്തനങ്ങൾക്കു കാരണമാണ്.2004- ൽ ഉണ്ടായ സുനാമിയുടെ ഭീതിയും അതിനുശേഷം, 2017-ലെ 'ഓഖി'എന്ന ചുഴിലിക്കാറ്റിന്റെ ഭീതിക്കുശേഷവും കേരളം നേരിട്ട ഒരു വലിയ ദുരന്തമാണ് 2018-ലെ ഈ മഹാപ്രളയം.



ദൈവത്തിന്റെ സ്വന്തം നാട് എന്നറിയപ്പെടുന്ന കേരളം ഒരു സംസ്ഥാനമായി കണക്കാക്കിയത് 1956 നവംബർ-1 ന് മലയാളഭാഷാടിസ്ഥാനത്തിൽ ആണ്.ആദ്യമായി കേരളത്തിന്റെ മുഖ്യമന്ത്രിയായത് ഇ.എം.എസ്.നമ്പൂതിരിപ്പാടാണ്.ജാതി,മത,വർഗ്ഗ ഭേദങ്ങൾക്കനുസരിച്ചാണ് ജീവിച്ചതെങ്കിലും 2018-ലെ മഹാപ്രളയത്തിൽ എല്ലാം മറന്നു.തെറ്റും പിണക്കവും രാഷ്ട്രയവും, ജാതിയും എല്ലാം മറന്ന് പ്രളയത്തിൽ ഒരുമയോടെ എല്ലാവരും കഴിഞ്ഞു. പല ജില്ലകളും ഒന്നായി നിന്നു രാഷ്ട്രീയകൊലപാതകങ്ങളും മറ്റു പ്രശ്നങ്ങളും എല്ലാം ഒഴിവായി സ്നേഹം,സമത്വം, ഒരുമ എന്നിവ പുലർത്തി എല്ലാവരും ഒന്നാണെന്ന ചിന്തയോടെ ഓരോർത്തർക്കും കഴിഞ്ഞു എന്നത് വാസ്തവം തന്നെയാണ്. സ്വന്തം, ബന്ധം, തന്റെ കാര്യം,തന്റെ ജീവിതം എന്നുമാത്രം മനസ്സിൽ കരുതി കഴിഞ്ഞവർ കുറച്ചു സമയമെങ്കിലും മറ്റുള്ളവരെ കുറിച്ച് ഓർത്തു. എല്ലാവരും ഒരുമയോടെ കഴിഞ്ഞു.

എല്ലാവർക്കും ഒന്നായി നിന്ന് മഹാപ്രളയത്തെ നേരിടാൻ കഴിഞ്ഞു.


എന്നാലും പലർക്കും സ്വന്തംകിടപ്പാടങ്ങളും, വീട്ടുപകരണങ്ങളും, പണിയായുധങ്ങളും നഷ്ടപ്പെട്ടു എന്നാൽ മറ്റു പലർക്കും ജീവൻ തന്നെ നഷ്ടപ്പെട്ടിട്ടുണ്ട്.കുന്നിടിക്കുന്നതും വയൽ നികത്തുന്നതും കാടുകൾ വെട്ടിതെളിക്കുന്നതുമെല്ലും ഈ പ്രളയത്തിന് കാരണമാണ്.വീടുകൾ നിർമ്മിക്കുന്നത് കുന്നിടിച്ചും വയൽ നികത്തിയിട്ടും കാടുവെട്ടിയിട്ടും വെക്കുന്നു.എന്നാൽ പുഴയിൽ നിന്ന് മണൽ വാരിയും കോറിയിൽ നിന്ന് പാറപ്പൊട്ടിക്കുന്നതും നദി ഒഴുകാൻ തടസ്സപ്പെടുത്തുന്നതും ഈ പ്രളയത്തിന്റെ അടിസ്ഥാനം പ്രളയം വരാൻ കാരണം നദിയൊഴുക്ക് തടസ്സപ്പെടുത്തുന്നതും, കുന്ന് ഇടിച്ച് വീട് നിർമ്മിച്ച് ഉരുൾപ്പൊട്ടൽ ഉണ്ടാകുന്നു.ഇങ്ങനെ മനുഷ്യന്റെ ദുരുപയോഗങ്ങൾക്ക് കാരണമാണ് പ്രളയം വന്നത്. ഒത്തൊരുമ, സ്നേഹം എന്നിവ കൊണ്ട് ജീവിച്ചാൽ ഇനിയൊരു പ്രളയം

ഉണ്ടാകില്ല.

## മനസ്സിന്റെ പുനർനിർമ്മാണം ഒന്നാമത്

ഫിദ നെഹ്റിൻ. K.Y, *7.B*

നമ്മുടെ കേരളത്തിൽ അനേകം വർഷങ്ങൾക്കു ശേഷമാണ് ഇങ്ങനെ ഒരു ജലതരംഗം നമ്മെ പിടികൂടുന്നത്.നമ്മുക്കെല്ലാം അറിയാം ഒരു വലിയ ദുരന്തത്തിന്റെ പായയിൽ നിന്ന് ഉയർത്തെഴുന്നേറ്റവരാണ് പലരും. കൊലയും കൊലവിളിയും പ്രതികാരവും എല്ലാം ഉള്ള നമ്മുടെ ഈ ലോകത്ത് ദുരന്തം വന്നപ്പോൾ 'ഒത്തുപിടിച്ചാൽ മലയും പോരും' എന്ന ചൊല്ലിന് സൂചനയായി.അങ്ങനെ ഒരു വലിയ ദുരന്തത്തിൽ നിന്നും അവർ നമ്മെ കരകയറ്റി.അതിന് അവരെ സഹായിച്ചത് ഒരുമയാണ്.ലോകം മുഴുവനു വെള്ളം കീഴടക്കി. എന്നാൽ മനുഷ്യർ ഭയപ്പെട്ട് പിന്മാറാതെ ഒരുമയോടെ മുന്നോട്ടു വന്നു.ആ സമയത്ത് പാർട്ടിയെന്നോ മതമെന്നോ ജാതിയെന്നോ ഒന്നും വകവെച്ചില്ല.അങ്ങനെ ഒരു പ്രളയം അവർക്ക് സാഹോദര്യത്തിന്റെ വില മനസിലാക്കികൊടുത്തു.കോടാനു കോടികളുടെ വാഹനങ്ങളും മറ്റുള്ളവർക്ക് അപ്പോൾ ഉപകരിച്ചത് മരം കൊണ്ടുണ്ടാക്കിയ ഒരു വഞ്ചിയാണ്.നന്മയുള്ള മനസ്സോടുകൂടി ഒരുമയോടെ നിൽക്കുന്നവർക്കേ നമ്മുടെ കേരളത്തെ പുനർനിർമ്മിക്കാൻ കഴിയൂ. പുതിയ കേരളം നിർമ്മിക്കുന്നതോടൊപ്പം മനുഷ്യന്റെ മനസ്സും നിർമ്മിക്കണം. അങ്ങിനെ സഹോദര്യത്തിന്റെ മരുപ്പച്ചപ്പുക്കണം.നമ്മുടെ ലക്ഷ്യമെന്താണോ അത് നിറവേറ്റണം ഈ കേരളം പുനർനിർമ്മിക്കാൻ ഒരോ പൗരന്റെയും അവകാശമാണ്. അതിന് സാധിക്കട്ടെ എന്ന് ആശംസിക്കുന്നു.



## സമഗ്രമായ പ്ലാനിംഗ് ആവശ്യം

അദ്വൈശ്യ. K.A, 9.B

*നദികൾക്ക് സ്വതന്ത്രമായി വിഹരിക്കാൻ ഒരു സ്ഥലം സൃഷ്ടിക്കുക.

*വെള്ളത്തോടൊപ്പം ജീവിക്കാൻ ജനങ്ങളെ പ്രാപ്തരാക്കുക.

*പരിസ്ഥിതിയുമായി ഇണങ്ങി ജീവിക്കാൻ ജനങ്ങളെ സജ്ജമാക്കുക.

*പരിസ്ഥിതി ദുർബലമായ പ്രദേശങ്ങളിലെ ഭൂവിനിയോഗത്തിൽ നിയന്ത്രണങ്ങളുണ്ടാക്കുക.

*ഓരോ പ്രദേശത്തും അപകട സാധ്യതകൾ മനസ്സിലാക്കുക.

*ദുരന്തനിവാരണ നിർവ്വഹണം ശക്തിപ്പെടുത്തുക.

*ദുരന്ത ലഘൂകരണത്തിനും പുനസ്ഥാപനത്തിനും നിക്ഷേപം കണ്ടെത്തുക.

*ദുരന്തം നേരിടുന്നതിനുള്ള തയ്യാറെടുപ്പ് ഫലപ്രദമാക്കുകയും പുനഃസ്ഥാപനം ദ്രുതഗതിയിലാക്കുകയും ചെയ്യുക.




## Faded happiness in my life...

Life is mixed up of happy and
sad memories.
But some memories are very
valuable for us.
That are too missing also.

I have faced many sad
moments in my life
But I didn't show my
feelings to anybody.
If I show that to anyone,
nobody can fade it away.
Although I tried to
forget but I can't.

Many losses happend in my life.
In that losses I more
miss my lovable mom.
But I don't want to live
with that sadness.
For that I will search for
the way of happiness.
At last, if I found the way
I will hold it in my hands.
And I will move through
the path of happiness.



**Shafna Latheef**
**VIII D**

# മരുഭൂമിയിലെ ജലപാതം

നന്ദന.പി.എം, *9 A* **വായന**

ഞാൻ വായിച്ച പുസ്തകമാണ് 'നയാഗ്ര മുതൽ സഹാറ വരെ' ഈ പുസ്തകം എഴുതിയിരിക്കുന്നത് പ്രൊഫ. എസ്.ശിവദാസ് എന്ന എഴുത്തുകാരനാണ്. ഈ ഭൂമിയിൽ നമുക്കായി വിസ്മയം വിടർത്തുന്ന എത്ര എത്ര കാഴ്ച കളാണുള്ളത്പർവ്വതങ്ങൾ,നദികൾ,തടാകങ്ങൾ, അഗ്നിപർവ വതങ്ങൾ,മരുഭൂമികൾ അങ്ങനെ ഒട്ടേറെ വിസ്മയങ്ങൾ.ഈ അത്ഭുതങ്ങളൊക്കെ അറിവുകളാക്കിമാറ്റുകയാണ് 'നയാഗ്ര മുതൽ സഹാറ വരെ' എന്ന പുസ്തകത്തിലൂടെ പ്രൊഫ.എസ്.ശിവദാസ്.

ഈ പുസ്തകത്തിന് അഞ്ച് ഭാഗങ്ങളുണ്ട്.ഒരു കുടുംബം ആനമുടി കയറുമ്പോൾ അച്ഛൻ മക്കൾക്ക് പറഞ്ഞു കൊടുക്കുന്ന കാര്യങ്ങളാണ് അഞ്ച് ഭാഗങ്ങളും.ആദ്യഭാഗത്ത് ആനമുടിയെയും മടക്കു പർവ്വതങ്ങളെക്കുറിച്ചും രണ്ടാമത്തെ ഭാഗത്ത് ക്രാക്കറ്റോവ എന്ന അഗ്നിപർവ്വതത്തെപ്പറ്റിയും പോംപി നഗരത്തെക്കുറിച്ചും മൂന്നാമത്തെ ഭാഗത്ത് ഭൂമികുലുക്കത്തെക്കുറിച്ചും ഭൂചലനമാപിനിയായ സിസ്മോഗ്രാഫുകളെക്കുറിച്ചും ഷെൽഫിഷിന്റെ ഫോസിലിനെപ്പനെപ്പറ്റിയും പസഫിക് സമുദ്രത്തെപ്പറ്റിയും മരിയാന ഗർത്തത്തെപ്പറ്റിയും നയാഗ്ര വെള്ളച്ചാട്ടത്തെപ്പറ്റിയും വിക്ടോറിയ വെള്ളച്ചാട്ടത്തെപ്പറ്റിയുമാണ്.

നാലാമത്തെ ഭാഗത്ത് സിന്ധുനദീതടത്തെയും ആർട്ടിക് സമുദ്രത്തിലെ മഞ്ഞുമലയെയും അൻറ്റാർട്ടിക്കയെക്കുറിച്ചും അവലൻജിനേയും പെൻഗ്വിനുകളെയും നീലഗിരി താറിനെയും കുറിച്ചുമാണ് പറയുന്നത്. അഞ്ചാമത്തെ ഭാഗത്തിൽ ചുഴലിക്കാറ്റിനെയും മരുഭൂമിയെയും മരുഭൂമിയിലെ കപ്പൽ എന്ന് വിശേഷിപ്പിക്കുന്ന ഒട്ടകത്തെയും ഈന്തപ്പനയെയും മരുഭൂമിയിൽ മാത്രം കാണപ്പെടുന്ന ഒരിനം സസ്യത്തെക്കുറിച്ചുമാണ് പറയുന്നത്.

വളരെ നല്ലൊരു പുസ്തകമാണ് 'നയാഗ്ര മുതൽ സഹാറ വരെ'എന്നത്.ലോകത്തുള്ള അത്ഭുതങ്ങൾ അറിവുകളാക്കി മാറ്റാൻ ഈ പുസ്തകം വളരെ സഹായകമാണ്.ഈ പുസ്തകത്തിൽ അറിവുകൾ നേടാനുള്ള വരികൾ മാത്രമല്ല നമ്മളെ ചിരിപ്പിക്കാനുള്ള വരികളും ഈ പുസ്തകത്തിലുണ്ട് ●

# നോട്ടുബുക്കിലെ ലണ്ടൻ

വിസ്മയ.കെ.വി ,9 A

വായന



ഞാൻ വായിച്ച യാത്രവിവരണം എഴുതിയിരിക്കുന്നത് പ്രശസ്ത എഴുത്തുകാരൻ എസ്.കെ.പൊറ്റക്കാട്ടാണ്.ലണ്ടൻ നോട്ട്ബുക്ക് എന്നാണ് ഇതിന്റെ പേര്.

ലോകസഞ്ചാരിയായ എസ്.കെ.പൊറ്റക്കാട്ട് പാരീസിൽനിന്ന് ലണ്ടനിലേക്കും ലണ്ടനിൽ ഏഴാഴ്ചകളോളം താമസിച്ച് അവിടെനിന്നും കപ്പലിൽ ബോംബേക്കും നടത്തിയ യാത്രകളെപ്പറ്റിയാണ് ലണ്ടൻ നോട്ട്ബുക്കിൽ വിവരിക്കുന്നത്.

എസ്.കെ.പൊറ്റക്കാട്ടിനെ സംബന്ധിച്ചിടത്തോളം അദ്ദേഹത്തിന്റെ ആത്മകഥയിലെ ഒരു പ്രധാന അദ്ധ്യായമാണ് ഈ നോട്ട്ബുക്ക്.കാരണം,അദ്ദേഹത്തിന്റെ ജീവിതത്തെ പിടിച്ച് കുലുക്കിയ ചില പ്രധാന സംഭവപരിണാമങ്ങൾ ലണ്ടനിൽ വെച്ചാണുണ്ടായത്. എസ്.കെ.പൊറ്റക്കാട്ടിന്റെ ജീവിതത്തിലെ നിർണായക ഘട്ടങ്ങളെ അദ്ദേഹം നേരിട്ടതും ആ നഗരത്തിൽ വെച്ചുതന്നെ. മനുഷ്യനെന്ന ആ പൊതുഭൂമികയിൽ വിരിയുന്ന സാംസ്കാരികവൈവിധ്യങ്ങളെ തിരിച്ചറിയാൻ നടത്തിയ അന്വേഷണയാത്രയുടെ ഹൃദ്യമായ അനുഭവകഥനമാണ് ഈ കൃതി.

നോവലിസ്റ്റ്, കഥാകൃത്ത്, മലയാളത്തിലെ എക്കാലത്തെയും മികച്ച യാത്രാവിവരണക്കാരൻ എന്നീ നിലകളിൽ ശ്രദ്ധേയനായ വ്യക്തിയാണ് എസ്.കെ.പൊറ്റക്കാട്ട്. ജ്ഞാനപീഠം,കേന്ദ്ര -കേരള സാഹിത്യ അക്കാദമി അവാർഡുകൾ ലഭിച്ചിട്ടുണ്ട്.

# കാശ്മീരിന്റെ ഹൃദയത്തിൽ തൊട്ട്....

അനഘ.കെ.പി, 9.A

വായന

**കാ**ശ്മീരിന്റെ ഹൃദയത്തിലേക്ക് ഒരു യാത്ര എന്ന ആസാദി ഗ്രീൻ ബുക്സ് പ്രസിദ്ധീകരിച്ച പുസ്തകം എഴുതിട്ടുള്ളത് എസ്.മഹാദേവൻ തമ്പിയാണ്.ഇദ്ദേഹം പത്രപ്രവർത്തകനും,കഥാകൃത്തുമാണ്.ആലപ്പുഴ ജില്ലയിൽ ജനനം.ഇദ്ദേഹത്തിന്റെ പ്രധാന കൃതികൾ ശിശിരത്തിലെ സൂര്യൻ, എന്റെ നീലസമുദ്രം,അതിരുകൾ,അധിനിവേശം,അലകളില്ലാത്ത കടൽ,ആകാശങ്ങളുടെ അവകാശികൾ എന്നിങ്ങനെയാണ്. ഈ കൃതിയിൽ കാശ്മീരിനെ കുറിച്ചാണ് അദ്ദേഹം പറയുന്നത്.ചരിത്രം പലപ്പോഴും വികലമാക്കപ്പെടുന്നത് മനുഷ്യൻ ഒരുക്കുന്ന ഗൂഢാലോചനകളിലൂടെയാണ്. അങ്ങനെ കാശ്മീരും ലോകഭൂപടത്തിലെ സംഘർഷകേന്ദ്രങ്ങളിലൊന്നായ.ഗൂഢശക്തികളതാത്കാലികമായെങ്കിലും വിജയക്കൊടി പാറിച്ചു.രക്തപുഴകൾ ഒഴുകി.അധികം അനാവൃതമാകാത്ത ചരിത്രത്തിന്റെ ഈ താളുകളിലൂടെയാണ് എഴുത്തുകാരൻ നമ്മെ കൊണ്ടുപോകുന്നത്. ഈ ചരിത്രത്തിൽ മതാന്ധതയുണ്ട്,വിഭജനത്തിന്റെ നെറികേടുകളുണ്ട്,വൈദേശികതാത്പര്യങ്ങളുണ്ട്,നന്മകൾ കാംക്ഷിക്കുന്ന കാശ്മീരിലെ നല്ലവരായ മനുഷ്യരുടെ മരണവുമുണ്ട്. ആസാദി എന്ന കപടമന്ത്രവും കാശ്മീരിയത്ത് എന്ന ഹൃദയതാളമ-ണ് ഈനോവലിന്റെകാതൽചരിത്രവിവർണമെന്നതിനപ്പുറംചരിത്രപഠനമെന്ന തലത്തിലെത്തി നിൽക്കുന്നഈഗ്രന്ഥത്തിൽമനുഷ്യന്റെഗൂഢലോചനകൾക്ക ചരിത്രത്തിന്റെ ഗതി തന്നെ മാറ്റിയെഴുതാൻ സാധിക്കുമെന്ന് എഴുത്തുകാരൻ വരച്ചുക്കാട്ടുന്നു.



# ഭാവനയുടെ അഗ്നിച്ചിറകുകൾ

**ഷാനിമോൾ.T.S, 10.A** **വായന**

മിസൈൽ ടെക്നോളജി വിദഗ്ധനായ ഇന്ത്യൻ ശാസ്ത്രജ്ഞൻ എ.പി.ജെ.അബ്ദുൾകലാമിന്റെ ആത്മകഥയാണിത്. ഇത് മലയാളത്തിലേക്ക് വിവർത്തനം ചെയ്തത് പി. വി. ആൽബിയാണ്.പ്രതിരോധ ശാസ്ത്രജ്ഞനെന്ന നിലയിൽ ഇന്ത്യയിലെ പരമോന്നത ബഹുമതിയായ 'ഭാരതരത്നം' ലഭിച്ച സമാനതകളില്ലാത്ത വ്യക്തിത്വത്തിനുടമയാണ് അദ്ദേഹം.തമിഴ്നാട്ടിലെ സാധാരണ കുടുംബത്തിലാണ് ജനനം.ആഷ്യാമ്മ ജൈനുലാബിദ് എന്നിവരുടെ മകനായി ജനിച്ചു.തികച്ച സാധാരണമായ ചുറ്റുപാടിൽ നിന്നുള്ള കലാമിന്റെ ഉയർച്ചയുടെയും പോരാട്ടങ്ങളുടെയും കഥയാണിത്. കുറേകാലം തന്നോടൊപ്പം ജോലിചെയ്തിരുന്ന അരുൺ തിവാരിയു മായുള്ള അനുഭവങ്ങൾ ഈ പുസ്തകത്തിൽ പറയുന്നു. നാസയിൽ അദ്ദേഹത്തിന്റെ ജോലി ആരംഭിക്കുന്നത് മിർജീനിയിലെ ഹാംപ്ടണി ലുള്ള ലാങ്‌ലി റിസർച്ച് സെന്ററിലാണ്. 1990-ൽ അദ്ദേഹത്തിന് പദ്മവിഭൂഷൺ നൽ-കി ആദരിച്ചു.നമ്മുടെ രാജ്യത്തെ അന്താരാഷ്ട്ര നിലവാരമുള്ള ഒരു മി-സൈൽ ശക്തിയുടെ തലത്തിലേക്ക് ഉയർത്തിയ അഗ്നി,പൃഥ്വി എ-ന്നിവയുടെ രൂപകല്പന, നിർമ്മാണം എന്നിവ നടത്തി.



അഗ്നിച്ചിറകുകൾ എന്ന ഈ പുസ്തകം കുട്ടികളും മുതിർന്നവരും ഒരേ പോലെ വായിക്കേണ്ട പുസ്തകമാണ്. ഈ പുസ്തകം മലയാളത്തിലേക്ക് പരിഭാഷ ചെയ്തത് ഡി.സി.ബുക്ക്സ് ആണ്.നമ്മുടെ സ്കൂൾ ലൈബ്രറിയിൽ ഈ പുസ്തകമുണ്ട്.എല്ലാവരും വായിക്കണം.

# കേരളം: ചില വസ്തുതകൾ





നമുക്കെല്ലാവർക്കും അറിയാം കേരളത്തിന് ഇന്ന് 62-ാം വയസ്സ് തികഞ്ഞു എന്ന്. സാംസ്കാരികമായും കലാപരമായും വിദ്യാ ഭ്യാസപരമായും മുന്നിൽ നിൽക്കുന്ന നാടാണ് കേരളം.നമ്മുടെ കേരളം 6 വർഷങ്ങൾക്കിടെ ആരോഗ്യ,വിദ്യാഭ്യാസ മേഖലകളിൽ ഏറെ മുന്നേറി. സർക്കാർതലത്തിൽ പതിനാല് സർവകലാശാലകൾ കേരളത്തിൽ ഇന്നുണ്ട്. നമ്മുടെ ഈ കേരത്തിൽ 14 ജില്ലകളുണ്ട്. കേരളത്തിലെ ആദ്യത്തെ മെഡിക്കൽ കോളേജ് ആണ് തിരുവനന്തപുരം മെഡിക്കൽകോളേജ്. 1951 ലാണ് ഇത്.കേരളത്തിലെ ആദ്യ വിമാനത്താവളം തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളം. ആദ്യത്തെ സർവകലാശാലയാണ് തിരുവിതാംകൂർ സർവകലാശാല. കേരളത്തിൽ കോട്ടകൾ ഒരുപാടു ണ്ട്. ബേക്കൽ കോട്ട, ചന്ദ്രഗിരി, അങ്ങനെ ഒരുപാടൊരുപാട്. നമ്മുടെ കേരളത്തിൽ നടന്ന സമരങ്ങൾ അഞ്ചുതെങ്ങ് കലാപം, പഴശ്ശി സമരങ്ങൾ,കുറിച്യാർന സമരങ്ങൾ,അങ്ങനെ ഒരുപാട്. നമ്മുടെ ആദ്യ മുഖ്യമന്ത്രി ഇ.എം.എസ്. ആണ്. ആദ്യ തിരഞ്ഞെടുപ്പ് നടന്നത് 1957 ലാണ്.നമ്മുടെ ആദ്യ വിദ്യാഭ്യാ സമന്ത്രി ജോസഫ് മുണ്ടശ്ശേയാണ്.ആദ്യ ഗവർണർ ബി. രാമകൃഷ്ണറാവു എന്നിവരാണ്. ഇനിയും നമ്മുടെ കേരളം ഉയരങ്ങളി ലെത്തട്ടെ എന്ന് ആശംസി ക്കുന്നു. കേരളത്തിന് പിറന്നാൾ ആശംസികൾ നേരുന്നു.

**ഫിദ നഹ്റിൻ. K.Y.**
*7B*

# 'ഈ ചിറകിൻ തേരിൽ' ഇവർ



മുഹമ്മദ് ഷിഫാസ്




വിഷ്ണു



അതുൽകൃഷ്ണ



സൂരജ്



ശ്യാംലാൽ

ഈ ചിറകുകളിലേറി

ഇത്രയും പറന്നുവന്നതിന്

ഒരായിരം

# നന്ദി...